# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. രാജൻ എം.വി)

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്ന് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം : 1) ജി.ഒ(ആർ.റ്റി)നം. 52/2014/തസ്വഭവ തീയതി 04.01.2014
2) ജി.ഒ(ആർ.റ്റി)നം. 702/15/തസ്വഭവ തീയതി 11.03.2015
3) സ.ഉ(പി)നം. 1/2014/ഉ.ഭ.പ.വ തീയതി 03.01.2014
4) സ.ഉ(പി)നം. 21/2014/ഉ.ഭ.പ.വ തീയതി 19.07.2014
5) സ.ഉ(പി) നം. 7/2016/ഫിൻ തീയതി 20.01.2016
6) ഈ കാര്യാലയത്തിലെ 05.12.2019-ലെ എ2-3306/2014/സിഇ/ തസ്വഭവ നമ്പർ അന്തിമ മുൻഗണനാപ്പട്ടിക

## ഉത്തരവ് നം . എ2-600/2020/സിഇ/തസ്വഭവ തീയതി 31.01.2020

ഈ വകുപ്പിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ വരുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേയ്ക്ക്, ഈ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം നൽകുന്നതിന് പരാമർശം (3), (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

ഈ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമനം നേടുന്നതിന് യോഗ്യതയുള്ള ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക മേൽ പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത മുൻഗണനാപ്പട്ടികയിൽ മുൻഗണനാക്രമത്തിൽ പ്രഥമസ്ഥാനീയനായ കാസറഗോഡ് ജില്ലയിൽ തസ്വഭവ സബ്ഡിവിഷൻ നീലേശ്വരം ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. നാരായണൻ കെ.വി-യ്ക്ക് ₹ 19000-43600 രൂപ ശമ്പള സ്കെയിലിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ തസ്തികമാറ്റം നൽകി കോഴിക്കോട് ജില്ലയിലെ തസ്വഭവ സബ്ഡിവിഷൻ കുന്നുമ്മൽ ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ടി ജീവനക്കാരൻ ഈ ഉത്തരവ് കൈപ്പറ്റി ഉടനടി എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി, ടിയാൻ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയ്ക്ക് ആവശ്യമായ യോഗ്യതകൾ ആർജ്ജിച്ചിട്ടുണ്ടോ എന്നും, പൂർവ്വ തസ്തികയിൽ മൂന്ന് വർഷ സേവനകാലയളവ് പൂർത്തീകരിച്ചിട്ടുണ്ടോ എന്നും സേവനപുസ്തകം പരിശോധിച്ച് ബന്ധപ്പെട്ട

നിയന്ത്രണാധികാരി ഉറപ്പ് വരുത്തേണ്ടതാണ്. ടിയാൻ തസ്തികമാറ്റനിയമനം മുഖേന ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട നിയന്ത്രണാധികാരി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. തസ്തികമാറ്റം ലഭിച്ച് പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷകാലയളവിനുള്ളിൽ രണ്ട് വർഷം കാലയളവ് പ്രൊബേഷൻ കാലയളവായി നിജപ്പെടുത്തിയിട്ടുള്ളതാണ്.

ഈ വകുപ്പിൽ ജില്ലാതലത്തിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്ന് തസ്തികമാറ്റനിയമനം നടത്തുന്നതിന് ആവശ്യമായ ടൈപ്പിസ്റ്റ് തസ്തികകളുടെ അപര്യാപ്തതയുള്ളതിനാൽ, പ്രസ്തുത തസ്തികമാറ്റനിയമനം സംസ്ഥാനതലത്തിലാണ് അനുവദിച്ചിട്ടുള്ളത്. ടി തസ്തികമാറ്റനിയമനം മുഖേന എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന ശ്രീ. നാരായണൻ കെ.വി-യുടെ സീനിയോരിറ്റി, ടിയാന്റെ മാതൃജില്ലയായ കാസറഗോഡ് ജില്ലയിലായിരിക്കും കണക്കാക്കപ്പെടുന്നത്.

ബന്ധപ്പെട്ട നിയന്ത്രണാധികാരി / ഓഫീസ് മേധാവി ടി ജീവനക്കാരനെ വിടുതൽ ചെയ്ത്, നിയമിക്കപ്പെട്ട കാര്യാലയത്തിൽ നിയമനം നൽകി വിവരം യഥാകാലം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

വ്യക്തിയ്ക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് : 1) ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
2) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, കോഴിക്കോട് / കാസറഗോഡ് ജില്ലാപഞ്ചായത്ത്
3) അസി. എക്സി. എഞ്ചിനീയർ, തസ്വഭവ സബ്ഡിവിഷൻ, കുന്നുമ്മൽ / നീലേശ്വരം ബ്ലോക്ക്പഞ്ചായത്ത്
4) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്
5) എ2 സെക്ഷൻ / കരുതൽ ഫയൽ